**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

<u>കോഴിക്കോട് നിട്ടൂർ - മലയാടപ്പൊയിൽ റോഡു നിർമ്മാണം</u>

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ : 3269 | 18.02.2013 ൽ<br>മറുപടിക്ക് |
| ചോദ്യം | ഉത്തരം |
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| എ) കോഴിക്കോട് തൂണേരി ബ്ലോക്കിൽപ്പെട്ട നിട്ടൂർ - മലയാടപ്പൊയിൽ പി.എം.ജി.എസ്.വൈ റോഡ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; | എ) തൂണേരി ബ്ലോക്കിലെ നിട്ടൂർ മലയാടപ്പൊയിൽ റോഡ് (ഫേസ് IV , പാക്കേജ് കെ.ആർ.08-07) ഗ്രേഡ് 2 മെറ്റലിംഗ് പൂർത്തിയാക്കുകയും കുറച്ച് ഭാഗത്ത് ഗ്രേഡ് 3 മെറ്റലിംഗ് കൂടി കഴിഞ്ഞിട്ടുണ്ട്. തുടർ പ്രവൃത്തിയായ ടാറിംഗ് ചെയ്യാത്തതിനാൽ ചില ഭാഗങ്ങളിൽ ഇത് ഇളകി നശിച്ചിട്ടുണ്ട്. |
| ബി) റോഡ് നിർമ്മാണം ടെൻഡർ എടുത്ത കരാറുകാരൻ ആരായിരുന്നുവെന്നും ടിയാൻ എന്തൊക്കെ ജോലികളാണ് കരാർ പ്രകാരം പൂർത്തീകരിച്ചതെന്നും വ്യക്തമാക്കുമോ; | ബി) വിജയാ കൺസ്ട്രക്ഷൻസ്, ഫ്ളാറ്റ് നം 1 ബി, ഒമേഗ റോയൽ പാർക്ക്, വെസ്റ്റ് എൻഡ് സൂപ്പർ മാർക്കറ്റിന് സമീപം, തൃശ്ശൂർ - 680002 എന്ന സ്ഥാപനമാണ് കരാർ എടുത്തത്. ലെവലിംഗ്, ഫോർമേഷൻ, സംരക്ഷണ ഭിത്തികൾ, കൾവെർട്ടുകൾ, ജി.എസ്.ബി, ഗ്രേഡ് 2 മെറ്റലിംഗ് , ഗ്രേഡ് 3 മെറ്റലിംഗ് എന്നീ പ്രവൃത്തികളാണ് മുൻ കരാറുകാരൻ ചെയ്തിട്ടുള്ളത്. |
| സി) പ്രസ്തുത കരാറുകാരൻ നടത്തിയ പ്രവൃത്തികളിൽ ഇപ്പോഴും അവശേഷിക്കുന്നത് എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | സി) നേരത്തേ ചെയ്ത പ്രവൃത്തിയിൽ കുറച്ചു ഭാഗത്ത് ഗ്രേഡ് 2 മെറ്റലിംഗ് ഗ്രേഡ് 3 മെറ്റലിംഗ് എന്നിവ ഇളകി നശിച്ചു പോയിട്ടുണ്ട്. മറ്റു പ്രവൃത്തികൾ അവശേഷിക്കുന്നു. |

| | |
|---|---|
| ഡി) റോഡിന്റെ ബാക്കി പ്രവൃത്തികൾ തുടർന്ന് നടത്തുവാൻ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | ഡി) പരിശോധിച്ചിട്ടുണ്ട് |
| ഇ) കരാറുകാരൻ നടത്തിയ പ്രവൃത്തികൾ വീണ്ടും ചെയ്യേണ്ടി വന്നാൽ പ്രസ്തുത പ്രവൃത്തികൾക്കുള്ള ഫണ്ട് അനുവദിച്ചു നൽകുമോ എന്ന് വ്യക്തമാക്കുമോ? | ഇ) മുൻ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിലാണ് കരാർ റദ്ദ് ചെയ്തിട്ടുള്ളത്. ഇളകിപ്പോയ മെറ്റലിംഗ് വീണ്ടും ചെയ്യേണ്ടിവരുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി ആവശ്യമായി വരുന്ന തുക അനുവദിക്കുന്ന കാര്യം സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്ന മുറക്ക് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ